**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവള വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനുള്ള തടസ്സം നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 07.08.2020 ൽ നടന്ന വിമാന അപകടത്തെ തുടർന്ന് കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള യാത്രയ്ക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. അപകട കാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB) യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുന:രാരംഭിക്കുകയുള്ളൂ. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു.പ്രധാനമന്ത്രിക്ക് 13.07.2021 ൽ നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. 07.08.2020 ൽ നടന്ന വിമാന അപകടത്തെ തുടർന്ന് കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള യാത്രയ്ക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. അപകട കാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB) യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുന:രാരംഭിക്കുകയുള്ളൂ. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു.പ്രധാനമന്ത്രിക്ക് 13.07.2021 ൽ നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത | (സി) | ഉണ്ട്. 07.08.2020 ൽ നടന്ന വിമാന അപകടത്തെ തുടർന്ന് കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും |

| | | | |
|---|---|---|---|
| | സമിതി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള യാത്രയ്ക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. അപകട കാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB) യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുന:രാരംഭിക്കുകയുള്ളൂ. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു.പ്രധാനമന്ത്രിക്ക് 13.07.2021 ൽ നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | വിമാനത്താവളത്തിന്റെ വികസനത്തിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | കോഴിക്കോട് വിമാനത്താവളത്തിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013 ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് 2018 ൽ കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് എന്ന ഏജൻസിയേയും കാർ പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് 2020ൽ കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയേയും സർക്കാർ നിയമിച്ചിരുന്നു. എന്നാൽ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഇ) | സ്ഥലം ഏറ്റെടുക്കുമ്പോൾ മതിയായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | 2013 ലെ RFCTLARR നിയമപ്രകാരമാണ് നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ